# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1963 — 15/7/2016 -ൽ മറുപടിക്ക്

## ജലനിധി പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി.ഉണ്ണി | | ശ്രീ. മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | ഗ്രാമീണ ജനതയ്ക്ക് ഗുണമേന്മയും, സുസ്ഥിരവുമായ കുടിവെള്ളം ലഭ്യമാക്കുന്നതിനായുള്ള ജലനിധി പദ്ധതി ഒറ്റപ്പാലം മണ്ഡലത്തിലെ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കി വരുന്നുണ്ടെന്ന് വിശദമാക്കാമോ; | (എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ ജലനിധി രണ്ടാംഘട്ടത്തിൽ ലക്കിടി-പേരൂർ ഗ്രാമപഞ്ചായത്തിൽ മാത്രമാണ് ജലനിധി പദ്ധതി നടപ്പാക്കി വരുന്നത്. |
| (ബി) | ഒറ്റപ്പാലം മണ്ഡലത്തിലെ തച്ചനാട്ടുകര, കരിമ്പുഴ, ശ്രീകൃഷ്ണപുരം, കടമ്പഴിപ്പുറം എന്നീ പഞ്ചായത്തുകളെ "ജലനിധി" പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | (ബി) തച്ചനാട്ടുകര ഗ്രാമ പഞ്ചായത്തിൽ ജലനിധി ഒന്നാംഘട്ടത്തിൽ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. കടമ്പഴിപ്പുറം പഞ്ചായത്തിനെ ജലനിധി മാനദണ്ഡം അനുസരിച്ച് വിവിധ ബാച്ചുകളിലായി നടപ്പാക്കുന്ന ജലനിധി പദ്ധതിയിൽ തെരഞ്ഞെടുത്തിട്ടുണ്ട്. എന്നാൽ നിലവിൽ പദ്ധതി നടപ്പാക്കുന്ന ബാച്ചുകളിൽ (1, 2, 3) ടി പഞ്ചായത്ത് ഉൾപ്പെടുന്നില്ല. ജലനിധി രണ്ടാംഘട്ട പദ്ധതി നടപ്പാക്കുന്നതിനായി തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ കരിമ്പുഴ, ശ്രീകൃഷ്ണപുരം എന്നീ പഞ്ചായത്തുകൾ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ടി പഞ്ചായത്തുകളിൽ ജലനിധി രണ്ടാം ഘട്ടത്തിൽ പദ്ധതി നടപ്പാക്കുവാൻ കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ

JSK/